പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3406 — 29.01.2014 ലെ മറുപടിക്ക്

## സി.ആർ.ഇസഡ് ചട്ടങ്ങളിൽ ഇളവുകൾ നല്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. എൻ.എ.നെല്ലിക്കുന്ന് — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പഞ്ചായത്ത് പ്രദേശങ്ങളിൽ സി.ആർ.ഇസഡ് (കോസ്റ്റൽ റിസർവ് സോൺ) എങ്ങനെയാണ് കണക്കാക്കിയിട്ടുള്ളത് ; | (എ) | കേരളത്തിലെ പഞ്ചായത്ത് പ്രദേശങ്ങളിൽ കടൽത്തീര മേഖലയെ CRZ-I, CRZ-III, CRZ-IV എന്നിവയായി തരംതിരിച്ചിരിക്കുന്നു. |
| (ബി) | ആയത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മതിയായ ട്രെയിനിംഗ് നൽകാറുണ്ടോ ; | (ബി) | തീരദേശ വിജ്ഞാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കൂടുതൽ ട്രെയിനിംഗ് നൽകുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ വീടുണ്ടായിരുന്നവർക്ക് അതേ സ്ഥലത്ത് പുതിയ വീടു വയ്ക്കുമ്പോൾ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകാതെ വരുമ്പോൾ ആയത് പരിശോധിച്ചു അനുമതി നൽകുന്നതിന് മറ്റെന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരം സംവിധാനം നടപ്പാക്കുമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള അംഗീകൃത വാസസ്ഥലങ്ങൾ പുനർനിർമ്മിക്കുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും നിബന്ധനകൾക്ക് വിധേയമായി മാത്രം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി അംഗീകാരം നൽകിവരുന്നു. |
| (ഡി) | തീരദേശങ്ങളിൽ താമസിക്കുന്ന മൽസ്യ ത്തൊഴിലാളികൾക്ക് സി.ആർ.ഇസഡ് നിയമങ്ങളിൽ ഇളവുകളുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകാറുണ്ടോ? | (ഡി) | തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികളുടെ വാസസ്ഥലം നിർമ്മിക്കുന്നതിനായി 2011 CRZ വിജ്ഞാപനത്തിൽ ചില പ്രത്യേക ഇളവുകൾ കടൽത്തീര പ്രദേശത്ത് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കേരള തീരദേശ പരിപാലന അതോറിറ്റി നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ